പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3908 | 27.6.2012 ൽ മറുപടിക്ക്

**ബ്ളഡ് ബാങ്കുകളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്ക് :<br>ശ്രീ. കെ. എൻ. എ. ഖാദർ :<br>ശ്രീ. കെ. എം. ഷാജി :<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളോടനുബന്ധിച്ചും, സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന ബ്ളഡ് ബാങ്കുകളുടെ പ്രവർത്തനം നിരീക്ഷിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; | (എ) സർക്കാർ ആശുപത്രികളിലേയും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കുകൾ പരിശോധിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബ്ലഡ് ബാങ്ക് പുതുക്കൽ അപേക്ഷയും, പുതിയ ബ്ലഡ് ബാങ്ക് അനുവദിക്കുന്നതിനുള്ള അപേക്ഷയും പരിഗണിക്കുന്നതിലേയ്ക്കായി കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള Central Drugs Standard Control Organisation (CDSCO) നിന്നുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാരും സംസ്ഥാനത്തിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാരും ചേർന്ന് ഇൻസ്പെക്ഷൻ നടത്താറുണ്ട്. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾ പരിഹരിക്കുന്നതിന് നിർദ്ദേശിക്കുകയും ഗുരുതരമായ വീഴ്ചയ്ക്ക് ലൈസൻസ് സസ്പെന്റ് ചെയ്യുകയോ, റദ്ദുചെയ്യുകയോ ചെയ്തുവരുന്നുണ്ട്. |
| (ബി)ബ്ളഡ് ബാങ്കിന്റേയും, ശേഖരിക്കുന്ന രക്തത്തിന്റേയും ശുചിത്വം ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ്; | (ബി) പൂർണ്ണമായും അണുവിമുക്തമായ സാഹചര്യങ്ങളിലും അണുവിമുക്തമായ ഉപകരണങ്ങൾ ഉപയോഗിച്ചുമാണ് ബ്ളഡ് ബാങ്കുകൾ പ്രവർത്തിക്കുന്നത്. കൂടാതെ ഒരു രക്തദാതാവിൽ നിന്നും സ്വീകരിക്കുന്ന രക്തം - എച്ച്.ഐ.വി, ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി, മലേറിയ, സിഫിലിസ് - തുടങ്ങിയ 5 പരിശോധനകൾക്ക് വിധേയമാക്കി നെഗറ്റീവ് ഫലം കിട്ടിയാൽ മാത്രമേ സ്വീകർത്താവിന് നൽകുകയുള്ളൂ. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്റ്റ് അനുസരിച്ചും ഉത്തമ നിർമ്മാണ പ്രക്രിയ (GMP)/ ഉത്തമ ലബോറട്ടറി പ്രക്രിയ (GLP)നിലവാരം അനുസരിച്ചുമാണ് ബ്ളഡ് ബാങ്കുകൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്റ്റേറ്റ് ബ്ളഡ് ബാങ്ക് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ (SBTC) സ്വീകരിച്ചിട്ടുണ്ട്. |
| (സി) രക്തദാതാക്കളുടെ എണ്ണത്തിൽ കുറവുണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ ആവശ്യത്തിന് രക്തശേഖരം ഇല്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി)അവശ്യഘട്ടങ്ങളിൽ രക്തം ലഭിക്കാൻ ബുദ്ധിമുട്ടുണ്ടായ സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) അപൂർവ്വം ഗ്രൂപ്പുകളുടെ രക്തം ലഭിക്കാൻ ബുദ്ധിമുട്ട് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ